ഉണ്ടാക്കുന്നതിനും മറ്റുമായി മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. മണ്ണ് കുഴിച്ച് മറ്റ് പ്രദേശത്തേക്ക് ആനകൾ കടക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വർഷം കണ്ണൂർ ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 230.72 ലക്ഷം രൂപയുടെ ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ ഫണ്ട് ലഭിച്ചിട്ടില്ല. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലയിൽ നൽകിയിട്ടുള്ള 96.28 ലക്ഷം രൂപ മതിയാകാതെ വന്നാൽ അക്കാര്യം റിപ്പോർട്ട് ചെയ്യാൻ കണ്ണൂർ ഡി.എഫ്.ഒ.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡി.എഫ്.ഒ. യുടെ റിപ്പോർട്ട് ലഭിക്കുമ്പോൾ മറ്റ് കേന്ദ്രങ്ങളിൽനിന്ന് ഫണ്ട് ലഭ്യമാക്കുന്നതിന്, ബഹുമാനപ്പെട്ട മെമ്പർ പുലർത്തുന്ന ഉൽക്കണ്ഠ മനസ്സിലാക്കിക്കൊണ്ട്, ആവശ്യമായ നടപടി സ്വീകരിക്കും.

(10) കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിൽ ഇറക്കേണ്ടത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പബ്ലിക് സെക്ടർ പബ്ലിക് യൂട്ടിലിറ്റി സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കേരളത്തിലെ ജനങ്ങൾക്ക് യാത്രാസൗകര്യം കൊടുക്കേണ്ട ആ സ്ഥാപനം ദേശവൽക്കൃത മേഖലകളിലെ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നതു കാരണം ആ മേഖലകളിൽ രൂക്ഷമായ യാത്രക്ലേശം അനുഭവപ്പെടുന്നു. ആളുകൾക്ക് പണ്ടേ ഒരു ധാരണയുള്ളത് കെ.എസ്.ആർ.ടി.സി. കുട്ടപ്പുറം കോർപ്പറേഷൻ ആണ് എന്നാണ്. ഇപ്പോൾ എന്താണ് സ്ഥിതിയെന്നു ചോദിച്ചാൽ, ഞങ്ങളാരെങ്കിലും ഡിപ്പോയിൽ വിളിച്ചുചോദിച്ചാൽ പറയുന്നത് ബസ്സില്ല, ബസ്സില്ല എന്നാണ്. എന്താണ് അതിന്റെ സ്ഥിതി? ആയിരം പുതിയ ബസ്സുകൾ വാങ്ങുമെന്നായിരുന്നു കഴിഞ്ഞ ബഡ്ജറ്റിലെ പ്രൊപ്പോസൽ. ഇപ്പോൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നു ആയിരത്തിഅഞ്ഞൂറ് ബസ്സുകൾ വാങ്ങുമെന്ന്. ഇപ്പോൾ ആയ്യായിരം ബസ്സുകളില്ല. എന്റെ അറിവിൽമൊത്തം കേരളത്തിൽ 3955 ഷെഡ്യൂളുകളാണ് ഉള്ളത്. അതിൽ ഒരു ഷെഡ്യൂളിന് സ്പെയർ 15 ശതമാനമാണ്. അങ്ങനെയാണെങ്കിൽ 4548 ബസ്സുകളാണ് നമുക്കാവശ്യമായിട്ടുള്ളത്. 4008 ബസ്സുകളാണ് അവയിലബിളായിട്ടുള്ളത്. അതിൽ 600 ബസ്സുകൾ സ്ഥിരമായി കടപ്പുറത്താണ്. അപ്പോൾ 3400 ബസ്സുകളാണുള്ളത്. നമുക്ക് വേണ്ടത് 4500 ബസ്സുകളാണ്. എനിക്ക് ലഭ്യമായ കണക്കനുസരിച്ച് 2200 ബസ്സുകളുടെ കുറവുണ്ട്. ഗവൺണ്ണറുടെ നയപ്രഖ്യാപനത്തിലെ 1500-ഉം കഴിഞ്ഞ തവണ വാങ്ങുമെന്ന പറഞ്ഞ ആയിരം ബസ്സുകളും ചേർത്താൽ 2500 ബസ്സുകൾ വാങ്ങണം. ഇതാണ് ഇവിടത്തെ സ്ഥിതി. ഒരു ബസ്സിന്റെ ശരാശരി ആയുസ്സ് എന്നുപറയുന്നത് ഏഴ് വർഷവും ഏഴ് മാസവുമാണ്. കെ.എസ്.ആർ.ടി.സി..യിൽ പതിനൊന്ന് വർഷം കഴിഞ്ഞ ബസ്സുകളും സർവ്വീസ് നടത്തുകയാണ്. 4500 ബസ്സുകളുടെ സ്ഥാനത്ത് 2500 ബസ്സുകളാണുള്ളത്. ഡിപ്പോയിൽ ചോദിച്ചാൽ ബസ്സില്ലെന്ന് പറയും. അതുപോലെ സ്പെയർ പാർട്സ് ഇല്ല. ഡ്രൈവർമാരില്ല, കണ്ടക്ടർമാരില്ല, മെക്കാനിക്കൽ സ്റ്റാഫില്ല. 2500 ബസ്സുകളുടെ കുറവ് ഉണ്ട്. പതിനയ്യായിരം ഒഴിവുകൾ. ഇങ്ങനെ കെ.എസ്.ആർ.ടി.സി.ൽ അതിരൂക്ഷമായ പ്രതിസന്ധിയാണ്. അതിനെല്ലാം അടിയന്തിര പരിഹാരം കാണണം. ബസ്സിന് ബസ് തന്നെ നിരത്തിലിറക്കിയേ പറ്റൂ. ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പറഞ്ഞിട്ട് കാര്യമില്ല. ഞാൻ നെയ്യാറ്റിൻകര താലൂക്കിൽനിന്നാണ് വരുന്നത്. കേരളത്തിലെ ആദ്യത്തെ ദേശവൽക്കൃത താലൂക്കാണ്. അവിടെ 112 ബസ്സുകൾ വേണം. ഇപ്പോഴുള്ളത് 94 ബസ്സുകളാണ്. അതിൽ 32 ബസ്സുകൾ കട്ടപ്പുറത്താണ്. അതുകൊണ്ട് ഇതൊരു കട്ടപ്പുറം കോർപ്പറേഷനാണ്. ആവശ്യത്തിനു ബസ്സ്

LIBRARY ARCHIVES Kerala Legislative Assembly

വേണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാങ്ങിയത് 854 ബസ്സുകളാണ്. 1996-97 ൽ 361 ബസ്സുകൾ 1997-98ൽ 317 ബസ്സുകൾ 1998-99 നവംബർ 30 വരെ 176 ബസ്സുകൾ. അങ്ങനെ ഈ ഗവൺമെന്റു വന്നതിനു ശേഷം 854 ബസ്സുകളാണ് വാങ്ങിയത്. ഞങ്ങൾ അവസാന വർഷത്തിൽ മത്രം, 1995-96-ൽ 476 ബസ്സുകൾ വാങ്ങി. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടണ മെങ്കിൽ രൂക്ഷമായ യാത്രാക്ലേശം ഇല്ലാതാക്കാൻ ആവശ്യത്തിന് ബസ്സുകൾ വാങ്ങണം. കിഴക്കേക്കോട്ടയിലേയ്ക്ക് പോകാൻ എത്ര സമയമാണ് ബസ്സ് കാത്തു നിൽക്കേണ്ടിവരുന്നത്. ജീവിതത്തിന്റെ നല്ലൊരു പങ്കും ബസ്സ് കാത്തു നിന്ന് വൃഥാ സമയം കളയുകയാണ്. യാത്രക്ലേശം രൂക്ഷമാണ്. അതുകൊണ്ട് അടിയന്തമായി ബസ്സുകൾ വാങ്ങുകയും സ്പെയർ പാർട്ടുകൾ ലഭ്യമാക്കു കയും ഒഴിവുകൾ നികത്തി കട്ടപ്പുറം ഓട്ടോണമസ് കോർപ്പറേഷനെ യൂട്ടിലിറ്റി കോർപ്പറേഷമാക്കാൻ അടിയന്തിര നടപടിയെടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷമതകൾ കെ.എസ്.ആർ.ടിസി. അഭിമുഖീ കരിച്ചുകൊണ്ടിരിക്കുകയാണ്. ആ വിഷമതകൾ ഓരോന്നായി പരിഹരിക്കാനു ള്ള ഫലപ്രദമായ നടപടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1171 ബസ്സുകൾ പുതു തായി നിരത്തിലിറക്കിയിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കിയാൽ മാത്രമേ ദേശവൽകൃത മേഖലയിലും ഗ്രാമപ്രദേശങ്ങളിലും ആവശ്യങ്ങൾ പരിഹരിക്കാൻ സാധിക്കൂ എന്ന് വളരെ വ്യക്തമായി കെ.എസ്.ആർ.ടിസി. മനസ്സിലാക്കിയിട്ടുണ്ട്. ഇതിനായി പാലക്കാട് ജില്ലാ ബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി കെ.എസ്.ആർ.ടിസി. ബസ്സുകൾ ഇന്ന് നമ്മുടെ സംസ്ഥാ നത്തിന്റെ വിവിധ ഭാഗങ്ങളിൽ ഓടിക്കൊണ്ടിരിക്കുകയാണ്. അതുപോലെ എല്ലാ ജില്ലാ ബാങ്കുകളും കെ.എസ്.ആർ.ടിസി.ക്ക് സാമ്പത്തികസഹായം നൽകി ബസ്സുകൾ നിരത്തിലിറക്കുന്നതിന് സഹായിക്കാൻ ആഗ്രഹിക്കു ന്നുണ്ട്. ഹഡ്കോ 100 കോടി രൂപ അനുവദിച്ചിരിക്കുകയാണ്, രണ്ട് മൂന്ന് ദിവ സത്തിനകം ഹഡ്കോ വായ്പ ലഭ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ 1500 പുതിയ ബസ്സുകൾ ജില്ലാ ബങ്കുകളുടേയും ഹഡ്കോയുടേയും സഹായത്തോടുകൂടി വാങ്ങി നിരത്തിലിറക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കു കയാണ്. അതുപോലെ സ്പെയർ പാർട്ട്സിന്റെ കുറവ് പരിപരിക്കാൻ നടപടി യെടുക്കും. വളരെ പഴക്കമുള്ള ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നിരത്തിലി റക്കുമെന്നാണ് പ്രതീക്ഷ. കഴിഞ്ഞകാലത്തുണ്ടായ പോരായ്മകൾ നികത്തി കെ.എസ്.ആർ.ടിസി.യെ സാമ്പത്തികമായി മെച്ചപ്പെടുത്തുന്ന നിലയിലേക്ക് കൊണ്ടുപോകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

[11. AM] മി. സ്പീക്കർ : കുറച്ചുകൂടി സബ്മിഷൻസ് ഇന്ന് വച്ചിരുന്ന താണ്. ഇന്ന് മന്ത്രിമാരിൽ ചിലരൊക്കെ ഹാജരില്ലാത്തതുകൊണ്ടാണ് മാറ്റി വെയ്ക്കേണ്ടിവന്നത്. പക്ഷേ ഒരു കാര്യം മന്ത്രിമാർക്ക് മറുപടി പറയാൻ കഴി യാതെ വന്നാൽ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ട് പോയാൽ സബ്മി ഷൻസ് എടുക്കാം. കാരണം വെള്ളിയാഴ്ചകളിൽ കുറെയേറെ സബ്മിഷൻ എടുക്കാൻ പറ്റും. മറ്റൊരു കാര്യം പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ് നടക്കുന്ന ഏക ദിവസവും വെള്ളിയാഴ്ചയാണ് എന്നതാണ്. മെമ്പേഴ്സിന് തന്നെ താൽപ്പര്യം ഇല്ലെങ്കിൽ നമുക്ക് ആ ദിവസം അവധികൊടുക്കുന്നതായിരിക്കും നല്ലതെന്നാണ് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : സർ, പ്രൈവറ്റ് മെമ്പേഴ്സ് ഡേ വ്യാഴാഴ്ച ആക്കുന്നതാണ് നല്ലത്.

മി. സ്പീക്കർ : ശ്രീ. കെ.സി. ജോസഫും, ശ്രീ. പാലോട് രവിയും പറഞ്ഞ കാര്യം ഈ സഭയിൽ ഉന്നയിക്കപ്പെട്ടു, പരിശോധിച്ചു. ഒരു കാര്യം കൂടി പറയട്ടെ, പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടാണ്. ഇത് ഒരു ഒഫീഷ്യൽ ഡേ ആക്കി മാറ്റിയാൽ, ഒഫീഷ്യൽ ഡേയിലെ സംഗതി എന്ന് പറയുന്നത്, ആ ബിസിനസ്സ് തീർത്ത് പോകാനേ പറ്റൂ. 12.30 ന് സഭ പിരിയുക എന്നതാണ് വെള്ളിയാഴ്ചയുടെ പ്രത്യേകത. അങ്ങനെ വരുമ്പോൾ ബിസിനസ്സ് കംപ്ലീറ്റ് ആക്കാതെ പിരിയേണ്ടി വരും. അതില്ലെങ്കിൽ ഈ സജഷൻ നല്ലതാണ്. അങ്ങ് ചെയർമാനായിരുന്ന കമ്മിറ്റിയുടെ ശുപാർശയാണ്. ഇതിനെക്കിറിച്ച് എന്തായാലും നമുക്ക് ഒരു പുനർവിചിന്തനം ആവശ്യമാണ്.

ശ്രീ. തമ്പാനൂർ രവി : സർ, നല്ല നിർദ്ദേശമാണ് ഒരു വർഷത്തിൽ വളരെക്കുറിച്ച് ദിവസമേ സഭ സമ്മേളിക്കുന്നുള്ളൂ. അതോടൊപ്പം സഭയുടെ ഹാജർ ഒരു പ്രധാന വിഷയമാണ്. ഒരു മാനദണ്ഡം കണ്ടുപിടിക്കണംപരമാവധി അംഗങ്ങൾ സഭ നടക്കുമ്പോൾ ഹാജരാകണം എന്നതിനെ സംബന്ധിച്ച് ഒരു മാനദണ്ഡം കണ്ടുപിടിക്കണം. പല പുതിയ കാര്യവും ചെയ്ത ഈ സഭ അക്കാര്യം ആലോചിക്കണം എന്നുള്ളതാണ് എന്റെ നിർദ്ദേശം.

മി. സ്പീക്കർ : അത്. നല്ലതാണ്. ഇത് നല്ല ഒരു നിർദ്ദേശമാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, സഭയുടെ ഹാജർ ഉറപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. ഇപ്പോൾ ഓഫീസുകളിലെ ഹാജർ ഉറപ്പാക്കാൻ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തിയതുപോലെ ഇവിടേയും ഒരു പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനോട് മെമ്പറുടെ അഭിപ്രായം എന്താണ്?.

ശ്രീ. ടി.എം. ജേക്കബ് : സർ, ബിസിനസ്സിൽ പങ്കെടുക്കേണ്ട എം.എൽ.എ.മാരാകെ ഇവിടെയുണ്ട്. ഇന്ന് വെള്ളിയാഴ്ചയാണ്. നാളെയും മറ്റന്നാളും അവധിയായതുകൊണ്ട് സാധാരണ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ പോവുക പതിവാണ്. സ്ക്കൂളിലും മറ്റും പോകുന്നതുപോലെ എം.എൽ.എ.മാർ കൃത്യം 8.30 ന് വന്ന് 1.30 വരെ ഇരിക്കണമെന്ന് പറയുന്നത് ശരിയല്ല. എം. എൽ.എ.മാരെ ആ നിലയ്ക്ക് ഗ്രേഡ് ചെയ്യുന്നതും ശരിയല്ല.

മി. സ്പീക്കർ : ഏതായാലും ഇവിടെ എം.എൽ.എ. മാർക്ക് പഞ്ചിംഗ് വേണ്ട. പഞ്ചിംഗ് ഇല്ലാതെ എം.എൽ.എ.മാർ വരണമല്ലോ. അതിന് ഉത്തരവാദിത്വം വേണമല്ലോ. കാരണം അതിനൊക്കെ മേൽനോട്ടം വഹിക്കേണ്ടവർ ഇവരാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഓരോ സ്ഥലത്തുനിന്നും ധാരാളം പേർ എം.എൽ.എ.മാരെ കാണാൻ വരും. അവരുടെയൊക്കെ പുറകേ പോകാതിരിക്കാൻ പറ്റില്ല.

V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ - റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly